പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5493 — 01. 07. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബിയിലെ അസി:എഞ്ചിനീയർ ഒഴിവുകൾ

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബിയിൽ അസി:എഞ്ചിനീയർമാർക്ക് അസി:എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി പ്രമോഷൻ നൽകുന്നതിന് വലിയ കാലതാമസം വരുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ KS&SSR ലേയും കേരള എഞ്ചിനീയേഴ്സ് സർവ്വീസ് റൂൾസിലെ നിബന്ധനകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി പ്രമോഷൻ നൽകുന്നത് രണ്ട് ചാനലുകളിലായാണ്. ആകെ കേഡർ സ്ട്രെങ്തിന്റെ 75 ശതമാനം ബി.ടെക് യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്കും 25 ശതമാനം ഡിപ്ലോമ യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്കും സ്ഥാനക്കയറ്റം നൽകി നികത്തുകയാണ് ചെയ്യേണ്ടത്. നിലവിൽ ഡിഗ്രി ക്വാട്ടയിൽ ഒഴിവുകളില്ല. ഇതിനു പുറമേ 11-02-2011 –ലെ ബോർഡ് ഓർഡർ നമ്പർ (FM)നം.479/2011/CE(HRM)/Genl/2/AE-AEE(Ele)/2011 പ്രകാരം ജൂനിയറായ ഡിപ്ലോമ യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് സീനിയർ ആയ ഡിഗ്രി യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ മറികടന്ന് സ്ഥാനക്കയറ്റം നൽകാനുമാകില്ല. മേൽ തസ്തികയിലെ ജീവനക്കാർക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം കിട്ടുന്നതിൽ വലിയ കാലതാമസം നേരിടുന്ന സ്ഥിതി വിശേഷം നിലവിലില്ല. |
| (ബി) എ.ഇ.മാരെ എ.എക്സ്.ഇ.മാരായി യഥാസമയം പ്രമോട്ട് ചെയ്യുന്നതിനും അതുവഴി ഒഴിവു വരുന്ന അസി:എഞ്ചിനീയർമാരുടെ ഒഴിവുകൾ പി.എസ്.സി യെ അറിയിക്കുന്നതിനും, അടിയന്തര നടപടി സ്വീകരിക്കുമോ;<br>(സി) താൽക്കാലികമായി നൽകിയിട്ടുള്ള പ്രമോഷനുകൾ റെഗുലറൈസ് ചെയ്യുന്നതിനും, ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിച്ച് അസി:എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി),(സി) ബോർഡ് ഉത്തരവ് നമ്പർ B.O(FM) No.479/2011/-CE(HRM)/Genl/2/AE-AEE(Ele)/2011/11-02-2011 പ്രകാരമുള്ള സീനിയോറിറ്റി പ്രൊട്ടക്ഷൻ ക്ലോസ് നിലവിലുള്ളതിനാൽ 20-07-2018ൽ 78 പേർക്കും 10-01-2019ൽ 64 പേർക്കും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും താൽക്കാലികമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരായി പ്രമോഷൻ നൽകിയിരുന്നു. ഇതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ വർക്കിംഗ് സ്ട്രെങ്തിൽ ഉണ്ടായ കുറവ് കെ.പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ഇപ്പോൾ നിലവിലുള്ള കെ.പി.എസ്.സി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ